## 1. വകുപ്പിൻെറ ചരിത്രവും, രൂപികരണവും

1958 കേരള ജലഗതാഗത സർവ്വീസിൻെറ ഒരു സുപ്രധാന കാലഘട്ടമായിരുന്നു. അന്ന് കേരളത്തിൽ വ്യക്തികളും, ലിമിററ്ഡ് കമ്പനികളുമായി 42 ബോട്ടുടമകൾ ഉണ്ടായിരുന്നു. ജലഗതാഗത രംഗത്തെ ഒരു പുതിയ സംവിധാനം എന്ന നിലയിൽ 1958 ഏപ്രിൽ 28-ന് കേരള വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷൻ രൂപീകൃതമായി. ഈ കോർപ്പറേഷൻെറ ഓഹരിയുടെ 51% ഗവൺമെൻറും, 40% ബോട്ടുടമകളും 9% ജീവനക്കാരും വഹിച്ചിരുന്നു. അന്നുള്ള എല്ലാ ജീവനക്കാരെയും കോർപ്പറേഷനിൽ എടുക്കുകയുണ്ടായി. കോർപ്പറേഷൻെറ പ്രവർത്തനം നഷ്ടത്തിലാവുകയും, 1965 ഡിസംബർ മാസത്തിൽ അത് ലിക്വഡേറ്റ് ചെയ്യുകയും ചെയ്തു. അതോടെ ഒഫീഷ്യൽ ലിക്വഡേറ്റിൽ നിന്നും 75 ബോട്ടുകൾ വാങ്ങി, 1966 ജനുവരി 1 മുതൽ സ്റ്റേറ്റ് ഇൻലാൻറ് വാട്ടർ ട്രാൻസ്പോർട്ട് സർവ്വീസ് എന്ന പേരിൽ ഒരു മാനേജ്മെൻറ് ബോർഡ് രൂപീകരിച്ച് ബോട്ട് സർവ്വീസ് ആരംഭിക്കുകയും, കോർപ്പറേഷനിലെ ജീവനക്കാരെ ഈ മാനേജ്മെൻറിൻെറ കീഴിൽ നിയമിക്കുകയും ചെയ്തു. എന്നാൽ ടി സർവ്വീസിലെ ബോട്ടുകളേയും, ജീവനക്കാരെയും ഗവൺമെൻറ് ഏറ്റെടുത്തുകൊണ്ട് 1968 ജൂൺ 7-ാം തീയതി ഇന്നത്തെ ജലഗതാഗത വകുപ്പ് രൂപീകൃതമായി. ഗതാഗത വകുപ്പിൻെറ മന്ത്രിയാണ് ഈ വകുപ്പിൻെറ ചുമതല വഹിക്കുന്നത്.